MD NICHE
MEDIA CONSULTANTS

**KERALAKAUMUDI**

**Karappuzha Tourism project approved**

Date: **16-03-2012** | Edition: **All Kerala** | Page No: **10** | Clip size (cm) - W: **4** H: **13**

---

# കാരാപ്പുഴ ടൂറിസം പദ്ധതി യാഥാർത്ഥ്യമാവുന്നു

വയനാട് ജില്ലയിലെ കാരാപ്പുഴ ഡാം സൈറ്റും പരിസര പ്രദേശങ്ങളും മേജർ ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയതായി മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു. കാരാപ്പുഴ ഡാം സൈറ്റ് ടൂറിസ്റ്റ് കേന്ദ്ര വികസനത്തിനായി 492.03 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. ആദ്യഘട്ടമായി 392.62 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

ടൂറിസ്റ്റ് അറൈവൽ കം ഫെസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും, സോവനീർ ആൻഡ് സ്പൈസസ് സ്റ്റാൾ, നടപ്പാതയും പാർക്കിംഗ് പാതയും, ടൈൽസ് പാകൽ, ലാൻഡ്സ്കേപ്പിംഗ്, വൈദ്യുതീകർണവും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കലും തുടങ്ങിയവയാണ് ടൂറിസ്റ്റ് കേന്ദ്ര വികസനത്തിന്റെ ഭാഗമായി പൂർത്തിയാക്കുക.

ഒരു ഡസനോളം തടാകങ്ങളുടെ സമന്വയമാണ് കാരാപ്പുഴ ഡാം സൈറ്റിന്റെ സവിശേഷത. ഈ തടാകങ്ങൾക്കിടയിലെ മലനിരകളും മലകളിൽ നിന്ന് ഒഴുകിയെത്തുന്ന തെളിനീരും, വൈവിദ്ധ്യമാർന്ന പക്ഷികളും എല്ലാം ചേരുന്ന കാരാപ്പുഴ സഞ്ചാരികളുടെ സ്വപ്ന ഭൂമിയാണ്. പദ്ധതി പൂർത്തിയാകുന്നതോടെ വയനാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായി കാരാപ്പുഴ ഡാം സൈറ്റ് മാറുമെന്ന് മന്ത്രി പറഞ്ഞു.